"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - നെയ്യാർ ഇറിഗേഷൻ പ്രോജക്ട് -"**Budget Work in RB Main Canal near ch.24740 m (Pallichal Panchayath Ward- Thumbottukonam Palam) General Civil Work**" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ജലവിഭവ (എം.പി) വകുപ്പ്**

സ.ഉ.(സാധാ) നം.288/2026/WRD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. 10.12.2024-ലെ ജി.ഒ (ആർ.റ്റി) നം.2425/2025/LSGD നമ്പർ ഉത്തരവ്.
2. 26.05.2025 ലെ ജി.ഒ (ആർ.റ്റി) നം.4727/2025/ധന നമ്പർ ഉത്തരവ്.
3. ചീഫ് എഞ്ചിനീയർ, പ്രോജക്ട് -2 ന്റെ 28.01.2026 ലെ സിഇപി2/67/2026-ഡി7 നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമനമ്പർ 2745 ആയി ഉൾപ്പെടുത്തി 40 ലക്ഷം രൂപ അടങ്കൽ തുകയും 20% പ്രോവിഷനും അനുവദിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് നിർവഹണ ചുമതല നൽകിയിരുന്ന "പള്ളിച്ചൽ പഞ്ചായത്തിൽ (9ാം വാർഡ്) തുമ്പോട്ടുകോണം പാലം" എന്ന പ്രവൃത്തിയുടെ നിർവഹണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും മാറ്റി ജലസേചന വകുപ്പിന് നൽകി പരാമർശം (1) ഉത്തരവ് പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. നിലവിൽ നെയ്യാർ ഇറിഗേഷൻ പ്രോജക്ട് **Action Plan 2025-26** ൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ വലതുകര മെയിൻ കനാലിന്റെ ch. 24740 മീറ്ററിൽ പാലം നിർമ്മിക്കുന്നതിനായി 40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എസ്റ്റിമേറ്റ് സഹിതം പരാമർശം (2) പ്രകാരം ചീഫ് എഞ്ചിനീയർ, പ്രോജക്ട് -2 പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെയ്യാർ ഇറിഗേഷൻ പ്രോജക്ട് -"**Budget Work in RB main canal near ch.24740 m (Pallichal**

**Panchayath ward- Thumbottukonam Palam) General Civil work"** എന്ന പ്രവൃത്തിയ്ക്ക് **4700-11-800-92 (PV)-Canals** എന്ന ശീർഷകത്തിൽ **40** ലക്ഷം രൂപയ്ക്ക് (നാൽപ്പത് ലക്ഷം രൂപ മാത്രം) ഇ-അനുമതിയിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4.** പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകികൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവ് റദ്ദ് ചെയ്യുന്നതിനാവശ്യമായ നടപടി പ്രസ്തുത വകുപ്പ്സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പ്രോജക്ട് -2 , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ധനകാര്യ വകുപ്പ് **(13.03.26** ലെ **I&PW-B3/41/2026-FIN)**
തദ്ദേശ സ്വയം ഭരണ വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ **(12/MP2/2026/WRD)**

ഉത്തരവിൻ പ്രകാരം
Signed by
Hashim S
Date: 14-03-2026 12:41:11